"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ്- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രിബ്യൂണൽ - ജീവനക്കാര്യം- സീനിയർ ക്ലാർക്ക് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന പാലക്കാട് ജില്ലാ കോടതിയിലെ സീനിയർ ക്ലാർക്കായ ശ്രീ.സജീഷ്.എസ്.എം. ന്റെ അന്യത്ര സേവന കാലയളവ് ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.13/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 03/01/2021

പരാമർശം:- 1) 10.05.2013-ലെ 42/2013/ധന നം. സർക്കുലർ.

2) 28.11.2013-ലെ സ.ഉ.(പി) നം.580/2013/ധന.

3) 24.10.2018 ലെ സഉ(സാധ) നം.2718/2018/ത.സ്വ.ഭ.വ

4) 24.12.2019 -ലെ സ.ഉ.(സാധാ) നം.2935/2019/ത.സ്വ.ഭ.വ.

5) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രിബ്യൂണൽ കാര്യാലയം സെക്രട്ടറിയുടെ 16.10.2020 തീയ്യതിയിലെ D.No.1402/TLSGs/2020 നം. കത്ത്.

ഉത്തരവ്

പാലക്കാട് ജില്ലാ കോടതിയിലെ സീനിയർ ക്ലാർക്കായ ശ്രീ.സജീഷ്.എസ്.എം. നെ പരാമർശം (3) ലെ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രിബ്യൂണലിൽ സീനിയർ ക്ലാർക്കായി അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയും പരാമർശം (4) ലെ ഉത്തരവ് പ്രകാരം ടിയാന്റെ അന്യത്ര സേവന കാലാവധി 31/10/2020 വരെ ദീർഘിപ്പിച്ച് നൽകിയും ഉത്തരവായിട്ടുണ്ട്. തുടർന്ന് ശ്രീ.സജീഷ്.എസ് എം ന്റെ അന്യത്ര സേവന കാലയളവ് 01.11.2020 തീയ്യതി മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കണമെന്ന് പരാമർശം (5) ലെ കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രിബ്യൂണൽ സെക്രട്ടറി സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രിബ്യൂണലിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന പാലക്കാട് ജില്ലാ കോടതിയിലെ സീനിയർ ക്ലാർക്കായ ശ്രീ.സജീഷ്.എസ്.എം. ന്റെ അന്യത്ര സേവന കാലയളവ് കേരള സർവ്വീസ് റൂൾസ് ഭാഗം I, ചട്ടം 140(C) യിലെ വ്യവസ്ഥകൾക്കും അന്യത്ര സേവനം സംബന്ധിച്ച് പരാമർശം (1) ലെ സർക്കുലറിലേയും പരാമർശം (2) ലെ ഉത്തരവിലേയും നിലവിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 01.11.2020 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഹരികുമാർ എ എസ്**

**അണ്ടർ സെക്രട്ടറി**

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രിബ്യൂണൽ, തിരുവനന്തപുരം

ശ്രീ. സജീഷ്.എസ്.എം. ( സെക്രട്ടറി, ട്രിബ്യൂണൽ മുഖേന)

രജിസ്ട്രാർ, സബോർഡിനേറ്റ് ജുഡീഷ്യറി, കേരള ഹൈക്കോടതി, എറണാകുളം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ/ജി & എസ്എസ്എ), കേരളം, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ